# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

## 2015-16 വർഷത്തെ

## ഓഡിറ്റ് റിപ്പോർട്ട്

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്

നം.കെ.എസ്.എ-പികെഡി9/152/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി – 31.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

കുമരംപുത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി9/152/2017 തീയതി – 31.01.2017

പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24-6-2016 മുതൽ 09-12-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.കെ.എൻ. വാസുദേവൻ,

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 13-12-2016 മുതൽ 21-12-2016 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എൻ.വി.കൃഷ്ണ ദാസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.കെ.സുകുമാരി | 1-04-2015 മുതൽ 31-10-2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 18-11-2015 വരെ |
| ശ്രീ.കെ.മുഹമ്മദ് ഹുസൈൻ | 19-11-2015 മുതൽ 31-3-2016 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ജോമോൻ ജോർജ്ജ് | 1-4-2015 മുതൽ 18-12-2015 വരെ |
| മധു.സി.ആർ, എ.എസ് (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 19-12-2015 മുതൽ 19-2-2016 വരെ |
| ശ്രീമതി.ഏലിയാമ്മ സെബാസ്റ്റ്യൻ | 20-2-2016 മുതൽ 31-3-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | പി.ജസീല മോൾ | 1-4-2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | എസ്.ഗായത്രീ ദേവി<br>മിനി ജോർജ്ജ്<br>ശാന്തി എലിസബത്ത് കുര്യൻ | 1-4-2015 മുതൽ 17-8-2015 വരെ<br>18-8-2015 മുതൽ 18-12-2015 വരെ<br>19-12-2015 മുതൽ 31-3-2016 വരെ |
| ICDS സൂപ്പർവൈസർ | പി.കെ.വൽസലകുമാരി | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ. | കെ.വി.സന്തോഷ് കുമാർ | *1-4-2015 മുതൽ 31-3-2016 വരെ* |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.പ്രീതി | *1-4-2015 മുതൽ 31-3-2016 വരെ* |
| മെഡിക്കൽ ഓഫീസർ (ISM) | ഡോ.മീര | *1-4-2015 മുതൽ 31-12-2016വരെ* |
| വെറ്ററിനറി സർജൻ | ഡോ.ബിനി ജോയ് | *1-4-2015 മുതൽ 31-3-2016 വരെ* |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ | ഉണ്ണികൃഷ്ണൻ<br>എ.രാജഗോപാലൻ | *1-4-2015 മുതൽ*<br>*31-6-2015 വരെ*<br>*1-7-2015 മുതൽ*<br>*31-3-2016 വരെ* |
| അസി.സെക്രട്ടറി | മധു.സി.ആർ, | *1-4-2015 മുതൽ*<br>*31-3-2016 വരെ* |
| ഡയറി എക്സ്ടെൻഷൻ ഓഫീസർ | ദിവ്യ പി | *1-4-2015 മുതൽ*<br>*31-3-2016 വരെ* |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2015-16 | 1/21-3-2015 | ഇല്ല |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 29-7-2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2015-16 | 14-12-2016 | അനുബന്ധമായിച്ചേർത്തിട്ടുണ്ട് |

# 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2015-16 | 15632129 | 43356307 | 58988436 | 56763057 | 2225379 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1792039 | 13531478* | 15323577 | 15323577 | 0 |
| വികസനഫണ്ട് എസ്.സി.പി. | 493130 | 7632365 | 8125495 | 8125495 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 298302 | 298302 | 298302 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 299129 | 6684547 | 6983676 | 6983676 | 0 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 1138426 | 2978952 | 4117378 | 4117378 | 0 |
| KLSGDP | 3222637 | 0 | 3222637 | 3222637 | 0 |
| 13- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 100587 | 4316673 | 4417260 | 4417260 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 2535890 | 8750542 | 11286432 | 10316526 | 969906 |
| MGNREGS | 63061 | 14022349 | 14085410 | 14054433 | 30977 |
| ബി ഫണ്ട് | | 29299710 | 29299710 | 29299710 | |

*തൻവർഷം ട്രാൻസ്ഫർക്രഡിറ്റ് ചെയ്ത തുകകൾ ഉൾപ്പടെ

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 197 | 71319957 | 160 | 46013767 | 0 | 37 | 82 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 4225379 | 3871332 | 354047(-) |
| നികുതിയേതര വരവുകൾ | 1762894 | 1329385 | 433509(-) |
| മറ്റുവരവുകൾ | 8327604 | 1233338 | 7094266(-) |
| ആകെ | 14315877 | 6434055 | 7881822(-) |

# 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 169 | 264240 |
| കർഷകത്തൊഴിലാളി പെൻഷൻ | 576 | 4058850 |
| വിധവാപെൻഷൻ | 1257 | 11322480 |
| വാർദ്ധക്യകാലപെൻഷൻ | 1349 | 10587510 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 298 | 2741890 |
| അവിവാഹിത പെൻഷൻ | 29 | 289080 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-12-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26574/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

മാസ്റ്റർഇൻകുംബൻസി രജിസ്റ്റർ: കൈമാറിക്കിട്ടിയ ആഫീസുകളിലെതുൾപ്പെടെ ഗ്രാമ പഞ്ചായത്തിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, വീട്ട് മേൽവിലാസം ടെലിഫോൺ നമ്പർ, ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥന്മാർ സ്ഥലം മാറിപ്പോകുമ്പോൾ അക്കാര്യവും, ഏത് ഓഫീസിലേക്കാണ് പോയതെന്നും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനും ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതത്യാവശ്യമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമൊരു ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ: ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.

ആസ്തി രജിസ്റ്റർ: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ: സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കുന്നുണ്ടെങ്കിലും വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് ബാലൻസ് പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്ന രീതിയില്ല രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്.

എം.ഒ.പി. പാലിക്കുന്നില്ല: പഞ്ചായത്ത് ഡയറക്ടറുടെ 18.01.07-ലെ എച്ച്1/13880/06 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് ജീവനക്കാർ എം.ഒ.പി. പ്രകാരം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ഇക്കാര്യം ഹെഡ് ക്ലാർക്ക്/സൂപ്രണ്ട് ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഫയലുകളിൽ കുറിപ്പ് എഴുതേണ്ടത് നിർബന്ധമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫയലുകളിൽ ഒന്നും തന്നെ ഓഫീസ് നോട്ട് എഴുതുന്നില്ല. ഇക്കാര്യത്തിൽ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പ്രൊക്യൂർമെന്റ് കമ്മിറ്റി

നാളിതുവരെ രൂപീകരിച്ചിട്ടില്ല

അസാധാരണ ചെലവുകൾ: പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം: ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല.

# 1-11 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-12 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, നിരക്ക് എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിൽനിന്നും ഒടുക്കുന്ന വൈദ്യുതിചാർജ്ജിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണവും, തരവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, പ്രകാശിക്കുന്ന വിളക്കുകൾക്കുമാത്രമാണ് താരിഫ് ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ, സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

# 1-13 കുടിവെള്ള പദ്ധതികളുടെ പരിപാലനം

പഞ്ചായത്തിലെ കുടിവെള്ളപദ്ധതികളുടെനടത്തിപ്പ് ഉണഭോക്തൃസമിതികളെ ഏല്പിച്ചിട്ടുണ്ട്.

# 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-11-2016 | 10/2016 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-04-2010 മുതൽ 22-04-2010 വരെ | 2009-10 | 28-5-2010 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി/സ്ഥാപന നികുതി അപാകതകൾ സംബന്ധിച്ച്.

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ കല്ലടി ഇംഗ്ലീഷ് മീഡിയം സ്കൂൾ, ചെങ്കിലീരി ഇർഷാദ് ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നീ സ്ഥാപനമേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ ( 2015-16 ഒന്നും രണ്ടും അർധവർഷം ) രേഖപ്പെടുത്തിയ ജീവനക്കാരുടെ ശമ്പള വിവരം പരിശോധിച്ചതിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകിയിരിക്കുന്നത്. ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിനു കീഴിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ 2015-16 വർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല.

KSEB, കുമരംപുത്തൂർ

BSNL, പള്ളിക്കുന്ന്

ആയത് സംബന്ധിച്ച ഓഡിറ്റ് അന്വോഷണത്തിന് (നമ്പർ 13/19.12.16 ) സ്ഥാപനമേധാവികൾക്ക് തുടർ നടപടി സ്വീകരിക്കാൻ കത്ത് അയച്ചിട്ടുണ്ടെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച്

കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ മൊബൈൽ ടവറുകളുടെ എണ്ണവും ആയതിന്റെ വസ്തുനികുതി 2015-16 വർഷം ഈടാക്കിയിട്ടുള്ളതിന്റെ വിശദാംശവും ഓഡിറ്റിന് ലഭ്യമാക്കുന്നതിലേയ്ക്കായി ഓഡിറ്റ് അന്വേഷണം (നമ്പർ. 08 ,തീയ്യതി:16.12.2016) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ മൊബൈൽ ടവറുകളുമായി ബന്ധപ്പെട്ട യാതൊരു വരുമാനവും പഞ്ചായത്തിന് ലഭിച്ചിട്ടില്ലായെന്ന് ഓഡിറ്റ് അനുമാനിക്കുന്നു. മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

## 2-3 വെള്ളക്കരം കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്ത് പരിപാലിച്ചു വരുന്ന കുടിവെള്ള പദ്ധതിയിൽ 2015-16 വർഷത്തിൽ ഗാർഹിക കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കളിൽ നിന്നും പിഴ ഈടാക്കുന്നതിനും പിഴ അടയ്ക്കാത്തവരിൽ നിന്നും വാട്ടർ കണക്ഷൻ വിച്ഛേദിക്കുന്നതു പോലുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കാനും കുടിവെള്ള പദ്ധതി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് പഞ്ചായത്തിന് കൈമാറിക്കിട്ടിയ നാൾ മുതൽ വർഷം തിരിച്ചുള്ള കുടിശ്ശികയും പിഴയും ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിന് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (നമ്പർ. 10 ,തീയ്യതി:16.12.2016 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കിയ രേഖകൾ പ്രകാരം കൈമാറിക്കിട്ടിയ നാൾ മുതൽ 2015-2016 ഒടുക്കം വരെയുള്ള കുടിശ്ശിക 215255 രൂപയാണ്. ആയത് ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇല്ലാത്ത തെരുവ് വിളക്കുകൾക്ക് 150672/-രൂപ വൈദ്യുതി ബിൽ തുക നല്കി - ആയത് ഒഴിവാക്കേണ്ടതാണ്

| ക്രമനമ്പർ | ഇനം | എണ്ണം | പ്രതിമാസ നിരക്ക്/ ബൾബ് | പ്രതിമാസ കറന്റ് ചാർജ്, തുക | വാർഷികം |
|---|---|---|---|---|---|
| 1 | ഓർഡിനറി ബൾബ് (40w) | 206 | 61 | 12556 | 150672 |

ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 206 സാധാരണ ബൾബുകൾ ഉണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ റിപ്പയർ സംബന്ധിച്ച ഫയൽ, മറ്റനുബന്ധരേഖകൾ എന്നിവ പരിശോധിച്ചപ്പോൾ 2014-15, 15-16 വർഷങ്ങളിൽ സാധാരണ ബൾബുകൾ ഉള്ള പോസ്റ്റുകളിൽ ഒന്നും തന്നെ റിപ്പയർ ചെയ്യുകയോ പുതിയ ബൾബുകൾ വാങ്ങുകയോ ചെയ്തിട്ടില്ലായെന്ന് കാണുകയുണ്ടായി. ഇതിൽ നിന്നും ഇല്ലാത്ത ബൾബുകൾക്കാണ് വൈദ്യുതി ചാർജ് നൽകി കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാണ്. കാരണം ശാസ്ത്രീയ പഠനങ്ങൾ പ്രകാരം ഒരു സാധാരണ ബൾബിന്റെ ശരാശരി ആയുസ്സ് 1000 മുതൽ 2000 മണിക്കൂർ മാത്രമാണ്. ആയത് പ്രകാരം 206 ബൾബുകൾ ഒരു വർഷം പരിപാലിക്കുന്നതിന് കുറഞ്ഞത് 515 ൽ പരം ബൾബുകൾ വേണ്ടി വരും എന്നാൽ ഈ കാലയളവിൽ ഓർഡിനറി ബൾബുകൾ ഒന്നും വാങ്ങിയിട്ടില്ല. കൂടാതെ തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ പഞ്ചായത്തിലെ മെമ്പർമാരും, ഇലക്ട്രിക്കൽ കോൺട്രാക്റ്ററും നൽകിയിട്ടുള്ള പൂർത്തീകരണ സാക്ഷ്യപത്രങ്ങളിൽ ഒന്നും തന്നെ ഓർഡിനറി ബൾബുകൾ മാറ്റിയിട്ടതായി പറയുന്നില്ല. ഈ സാഹചര്യത്തിൽ ഓർഡിനറി ബൾബുകൾ ഉപയോഗിച്ചുള്ള തെരുവ് വിളക്കുകളൊന്നും തന്നെ ഗ്രാമ പഞ്ചായത്ത് പരിധിയിലില്ലെന്ന് സ്പഷ്ടമായിരിക്കുകയാണ്.

നിലവില്ലാത്ത തെരുവു വിളക്കുകളുടെ കറന്റ് ചാർജിനത്തിൽ പ്രതിമാസം 12556/- രൂപ വെച്ച് പ്രതിവർഷം 150672/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും പാഴ്ച്ചെലവുണ്ടാവുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലും ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരം പഞ്ചായത്ത് പണം ചെലവഴിക്കുന്നതിൽ സെക്രട്ടറി ജാഗ്രത പുലർത്തിയിട്ടില്ലായെന്ന് കാണാവുന്നതാണ്. ഉടൻ തന്നെ സംയുക്ത പരിശോധന നടത്തി ആനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

## 3-2 പയ്യനടും കുടിവെള്ള പദ്ധതി പഞ്ചായത്തിന് ബാധ്യതയാകുന്നു - ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കണം

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതിയുടെ മെയിന്റനൻസിനും, വിപുലീകരണത്തിനും, അറ്റകുറ്റപണികൾക്കുമായി വിവിധ ഫണ്ടുകളിൽ നിന്നും 2015-16 വർഷത്തിൽ 2998176/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ വിവിധ കണക്ഷനുകളിൽ (800 എണ്ണം) നിന്നുള്ള ഡിമാൻഡ് 601269/-രൂപയും വരവ് 446420/- രൂപയും കുടിശ്ശിക 154849/-രൂപയുമാണ്. പദ്ധതി കൈമാറി കിട്ടിയ 2014 മുതൽ 2015- 16 ന്റെ തുടക്കം വരെയുള്ള കുടിശ്ശിക 215255/-രൂപ മാത്രമാണ് (ഹാജരാക്കിയ രേഖകൾ പ്രകാരം) അതായത് 2015-16ന്റെ അവസാനത്തിൽ ആകെ 370104/- രൂപ (അരിയർ 215255+154849) കുടിശ്ശിക മാത്രമാണുള്ളത്. അതായത് ചെലവ് വരവിനെക്കാളും 2396907/-രൂപ അധികമാണ് നടത്തിയിട്ടുള്ളത്. അതായത് ഈ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന് ഭാവിയിൽ വലിയ ബാധ്യതയായിത്തീരുന്നതാണ്. ഇതിനെ മറികടക്കാൻ ഗ്രാമപഞ്ചായത്ത് എന്തെല്ലാം നടപടികളാണെടുത്തിട്ടുള്ളത് ? എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. അടിയന്തിരമായി കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതികൾക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിച്ച് പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ചോർച്ച ഒഴിവാക്കേണ്ടതാണ്. കൂടാതെ പൊതു ടാപ്പുകൾ ഒഴിവാക്കി ഗാർഹിക കണക്ഷനുകൾ നൽകി വരുമാനം കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 തെരുവു വിളക്ക് റിപ്പയർ അപാകതകൾ

1) 2015-16 ലെ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എ.എം.സി നല്കിയതും തുക ചെലവഴിച്ചതും പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.1) കരാർ ലഭിച്ച വ്യക്തിയിൽ നിന്നും 10% emd വാങ്ങിയിട്ടില്ല (ഹാജരാക്കിയ രേഖകൾ പ്രകാരം)

1.2) തെരുവു വിളക്ക് കത്തുന്നില്ലെന്നുള്ള പരാതിക്കാരുടെ പേര്, ഫോൺ നം, വിലാസം എന്നിവയില്ല. അതായത് യാതൊരു പരാതിയുമില്ലാതെ ഇത്രയും റിപ്പയർ നടത്തിയെന്നുള്ള അവകാശവാദം അംഗീകരിക്കാനാവില്ല.

1.3) ത.സ്വ.ഭ,വകുപ്പിന്റെ 15-9-2011 3055/DA3/2011 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങളിലെ കരാറുകാൻ കെ.എസ്.ഇ.ബിയിലെ അംഗീകാരമുള്ള കരാറുകാരനാണെന്നു തെളിയിക്കുന്ന സാക്ഷ്യപത്രമില്ല.കരാർ രജിസ്റ്ററില്ല.

1.4) കരാറുകാരൻ 1-8-20015ന് പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ ക്രൂസിൽ നിന്നും വാങ്ങിയ സാധനങ്ങളാണ് റിപ്പയറിങ്ങിന് ഉപയോഗിച്ചതെന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല കാരണം വിളക്കിന്റെ കേട് ഏത് തരത്തിലാണെന്നും (കാരണം എന്താണെന്ന് പറയുന്നില്ല)

1.5) മോണിറ്ററിങ്ങ് സമിതിയുടെ മിനുട്സ് ഹാജരാക്കിയിട്ടില്ല.

# 3-4 പാലീയേറ്റീവ് ഹോം കെയർ വാഹനം ഉപയോഗിക്കുന്നത് സംബന്ധിച്ച്

സർക്കാർ ഉത്തരവ് (സാധാ) 3217/2015/തസ്വഭവ തീയതി 29.10.2015 പ്രകാരം പാലീയേറ്റീവ് കെയറിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിന് ഉപയോഗിക്കുന്ന വാഹനം ഓടിയ ദൂരത്തെ സംബന്ധിച്ചും കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ വാഹനത്തിന് നൽകാവുന്ന പരാമവധി ദിവസ വാടകയെ സംബന്ധിച്ചും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഓട്ടം തുടങ്ങുമ്പോൾ ഓഡോമീറ്ററിൽ കാണിച്ചിട്ടുള്ള ദൂരവും ഓട്ടം അവസാനിക്കുമ്പോൾ കാണിച്ചിട്ടുള്ള ദൂരവും കൃത്യമായി പ്രസ്തുത ഉത്തരവിന്റെ അനക്സ് 8 പ്രകാരം രേഖപ്പെടുത്തണമെന്നുള്ള മാർഗ്ഗ നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള അനക്സ് 8 പ്രകാരമല്ല വാഹന രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്. ആയതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ. 04 ,തീയ്യതി:15.12.2016) അറിവില്ലായ്മ മൂലമാണ് അത് സംഭവിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്. അനക്സ് 8 പ്രകാരമുള്ള വാഹന രജിസ്റ്റർ സൂക്ഷിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 3-5 കുടുംബശ്രീ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന തുകകൾ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്

കുമരംപുത്തൂർ ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീയുടെ ബാങ്ക് പാസ്സ് ബുക്കുകളും ,രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന തുകകൾ നാളിതു വരെ ചെലവഴിക്കാതെ സേവിങ്ങ്സ് ബാങ്ക് അക്കൌണ്ടുകളായ വിജയാ ബാങ്ക്(നമ്പർ 14319,3612,4035),കനറാ ബാങ്ക് (നമ്പർ 35381) എന്നിവകളിൽ നിക്ഷേപമായുണ്ട്.

| ക്ര.നം | ഫണ്ട് | തുക |
|---|---|---|
| 1 | പഞ്ചായത്ത് പ്ലാൻ | 371500 |
| 2 | ജില്ലാ പഞ്ചായത്ത് പ്ലാൻ | 160000 |
| 3 | എസ്.ടി.ഭവനം | 1375000 |
| 4 | -ടി- സ്ഥലം | 360000 |
| 5 | എസ്.സി സ്ഥലം | 90000 |
| 6 | കംപ്യൂട്ടർ | 26746 |

| | | |
|---|---|---|
| 7 | ആശ്രയ ഒന്നാം ഘട്ടം<br>(രണ്ടാം ഘട്ടം തുടങ്ങിയതിനാൽ) | 29654 |

ആകെ 2679789/-

മേൽ പ്രതിപാദിച്ച തുകകൾ അടിയന്തരമായി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-6 മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

2015-16 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ രേഖകളുടെ സൂക്ഷിപ്പിൽ കണ്ടെത്തിയ പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

1. എഗ്രിമെന്റ് വ്യവസ്ഥകൾ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കിയിട്ടില്ല

സ.ഉ(പി) 13/2012/PWD തിയതി 1-2-2012 പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പുതുക്കിയിട്ടുണ്ട്. എന്നാൽ 2014-15 വർഷത്തിൽ ടെണ്ടർ ഏറ്റെടുത്ത കരാറുകാരുമായി ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിബന്ധനകൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. ആയതിനാൽ കാലഹരണപ്പെട്ട പല വ്യവസ്ഥകളും കരാറിൽ ഉൾപ്പെട്ടിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിക്കുന്നില്ല. ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടറിന് ഇഷ്യു ചെയ്യുന്ന ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെണ്ടർ ഫോറത്തിന് 300 മുതൽ 15000 രൂപവരെ മൂല്യമുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാത്തത് സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുന്നതാണ്. ടെണ്ടർ ഫോറം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്ന സെക്രട്ടറിയും,

ടെണ്ടർ ഫോറം തയ്യാറാക്കി കരാറുകാർക്ക് വിതരണം ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ടെണ്ടർ ഫോറങ്ങളുടെ റസീപ്റ്റ്, ഇഷ്യൂ, ബാലൻസ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതിനാൽ അനധികൃതമായി ടെണ്ടർ ഫോറങ്ങൾ വില്പന നടത്തിയിട്ടുണ്ടോ എന്നും ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ കഴിയുന്നില്ല. ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2015-16 | 28224/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | നെൽകൃഷി കൂലിച്ചെലവ് (പ്രോജ.നം.9) | 0 | 28224/- |
| | 489600- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്--ജനറൽ ( പ്രോജ.നം.196) | 0 | 489600/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിററ് വർഷത്തിൽ താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിവർക്കായി പ്രവൃത്തിനടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുകചെലവഴിച്ച്പ്രവൃത്തിനടതത്തിയതിന്റേയും ബാക്കിതുകയുടേയുംവിവരങ്ങൾതാഴെകൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം/ ഡി.ഡി.നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | അംഗൻവാടി വൈദ്യുതീകരണം | ഡ.ഡി.നം. 750255 /11-4-16 | 65600 | 65600 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് .

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് | വായ്പ ത്തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം |
|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | മുതൽ | പലിശ | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
| EMS ഭവന നിർമ്മാണം | G.O(MS)No.1168/2010 LSGD dt.30-3-2010 | 12799500 | 2510468 | 0 | 913718 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-1(11) | 2011-12 | 3-1(11) | ട്രാക്റ്റർ-ട്രയിലർ ഉപകരണങ്ങൾ ഉപയോഗശൂന്യമായിക്കിടക്കുന്നു | പരാമർശം നിലനിൽക്കുന്നു |
| --do-- | 3-1(19) | --do-- | --F | ഇടവിളകൃഷി സംബന്ധിച്ച് | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43356307 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56763057 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | | |
|---|---|---|
| 1996-97 | LFP10-170/99/24.9.09 | മുഴുവനും |
| 1997-98 | LFP10-420/99/09.02.2001 | -do- |
| 1998-99 | LFP 8653/01/7-12-2001 | -do- |
| 1999-00 | LFP 886(1)/14/17-11-2014 | -do- |
| 2000-01 | LFP 886(2)/14/15-11-2014 | -do- |
| 2001-02 | LFP 8-86(3)/14/7-10-14 | -do- |
| 2002-03 | LFP 886(4)/14/9-10-14 | -do- |
| 2003-04 | LFP 886(5)/14/9-10-14 | -do- |
| 2004-05 | LFP 886(6)/14/20-2-14 | -do- |
| 2005-06 | LFP 886(7)/14/14-2-14 | -do- |
| 2006-07 | LFP 886(8)/14/20-2-14 | -do- |
| 2007-08 | LFP 886(9)14/ 14-2-14 | -do- |
| 2008-09 | LF P 13-77/13/ 19-2-2013 | -do- |
| 2009-10 | LF P 13-77/13/ 19-2-2013 | -do- |
| 2010-11 | LFP 13-77/13/ 19-2-2013 | -do- |
| 2011-12 | LFP 13/2025/14/4-3-2015 | -do- |
| 2012-13 | LFP 13/883/15/20-8-2015 | -do- |
| 2013-14<br>2014-15 | KSA-PKD13/1389/16 | -do- |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

# അനുബന്ധം - 1

കെ.എസ്.എ-പികെഡി9/152/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 31.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതകളുടെ സംഗ്രഹം

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31ലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD9/152/2017

Kerala State Audit Department
District Audit Office
Palakkad
Dated-31.01.2017

## Audit Certificate

Certified that I have examined the Annual Financial Statement of KUMARAM PUTHUR GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of KUMARM PUTHUR GRAMA PANCHAYATH prepared in accordance with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

Abstract of defects

1. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.

Deputy Director